**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4261** **18-03-2025 - ൽ മറുപടിയ്ക്ക്**

**മെഡിസെപ് ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീ കെ എൻ ബാലഗോപാൽ**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തു സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഏർപ്പെടുത്തിയ മെഡിസെപ് ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന മാസ വിഹിതം എത്രയാണെന്നും അതിൽനിന്നും ഇൻഷുറൻസ് കമ്പനിക്കു ലഭിക്കുന്ന വിഹിതം എത്രയാണെന്നും ബാക്കി തുക ഏതൊക്കെ തരത്തിലാണ് വിതരണം ചെയ്യുന്നതെന്നും അറിയിക്കാമോ; | (എ) | മെഡിസെപ് പദ്ധതി നടത്തിപ്പിനായി സംസ്ഥാന സർക്കാരും ഇൻഷുററായ കമ്പനിയും തമ്മിലുള്ള കരാർ അനുസരിച്ച് 3 മാസത്തേക്കുള്ള പ്രീമിയം തുക വീതം മുൻകൂറായി ഇൻഷുറൻസ് കമ്പനിക്ക് നൽകുന്നു. ഇത്തരത്തിൽ മുൻകൂറായി നൽകുന്ന തുക പ്രതിമാസം 500/- രൂപ നിരക്കിൽ ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും പെൻഷൻകാരുടെ പെൻഷനിൽ നിന്നും ഈടാക്കി മുൻകൂർ ക്രമീകരിക്കുകയാണ് ചെയ്യുന്നത്. 23/06/2022 -ലെ സ.ഉ.(പി)നം.70/2022/ധന, 24/06/2022 -ലെ സ.ഉ.(പി)നം.71/2022/ധന ഉത്തരവുകളിലും ഇക്കാര്യം വിശദമാക്കിയിട്ടുണ്ട്. പ്രീമിയം ഇനത്തിൽ ഒരു ഗുണഭോക്താവിന് പ്രതിമാസം 472/- രൂപ എന്ന നിരക്കിൽ ഇൻഷുറൻസ് കമ്പനിക്ക് നൽകുകയും, ബാക്കി വരുന്ന 28/- രൂപ ഗുരുതര/അവയവമാറ്റ ചികിത്സകൾക്കുള്ള കോർപ്പസ് ഫണ്ടിലേക്ക് മാറ്റുകയും ചെയ്യുന്നു. മാരക രോഗങ്ങൾക്ക് വേണ്ടി ഇൻഷുറൻസ് കമ്പനി മാറ്റിവെച്ചിട്ടുള്ള 35 കോടി (കോർപ്പസ് ഫണ്ട്) വിനിയോഗിച്ച് തീർന്ന മുറയ്ക്ക് 08/09/2023 ലെ സ.ഉ.(ആർ.റ്റി.)നം. 6416/2023/ധന ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഇൻഷുറൻസ് കമ്പനി ലഭ്യമാക്കുന്ന ഗുരുതര രോഗ/ അവയമാറ്റ ചികിത്സാ ക്ലെയിമുകളുടെ അർഹത പരിശോധിച്ച് കോർപ്പസ് ഫണ്ടിൽ നിന്നും തുക അനുവദിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര ജീവനക്കാർക്കും എത്ര പെൻഷൻകാർക്കും സഹായം വിതരണം ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കാമോ? | (ബി) | മെഡിസെപ് പദ്ധതിയിൽ 13/03/2025 വരെ ജീവനക്കാർക്കും പെൻഷൻകാർക്കുമായി അനുവദിച്ച ക്ലെയിമുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

THE DATA IS COMPILED AS ON 13/03/2025.

| DISTRICT | TOTAL AMOUNT APPROVED | TOTAL NO OF CLAIMS APPROVED |
| --- | --- | --- |
| ALAPPUZHA | 694182591.05 | 44255 |
| ERNAKULAM | 2321370100.59 | 109698 |
| IDUKKI | 581905950.89 | 41001 |
| KANNUR | 1268466912.05 | 79396 |
| KASARAGOD | 171731481.12 | 10088 |
| KOLLAM | 1538969274.598 | 77503 |
| KOTTAYAM | 1131285272.12 | 53361 |
| KOZHIKODE | 2810532606.9 | 168632 |
| MALAPPURAM | 1448705683.509 | 86948 |
| PALAKKAD | 578557921.23 | 35336 |
| PATHANAMTHITTA | 1101305769.57 | 52494 |
| THIRUVANANTHAPURAM | 1949067858.83 | 101114 |
| THRISSUR | 1374539655.77 | 73806 |
| WAYANAD | 295507252.06 | 24562 |
| **GRAND TOTAL** | **17426259486.1** | **961777** |